(സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ സബ്സ്റ്റേഷനുകളുടെ പണി പൂർത്തിയാക്കുന്നതാണെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.യുടെ പുതിയ സെക്ഷൻ ഓഫീസുകൾ

185 [2678] ശ്രീ. ടി.എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ പുത്തൻകുരിശ് കെ.എസ്.ഇ.ബി. സബ് ഡിവിഷനിലെ പുതുക്ക ഗ്രാമപഞ്ചായത്തിനുമാത്രമായി കോലഞ്ചേരി സെക്ഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ കൺസ്യൂമേഴ്സിനെ പുത്തൻകുരിശ് സെക്ഷനിൽ നിലനിർത്താനും ഐക്കരനാട് പഞ്ചായത്തിലെ കൺസ്യൂമേഴ്സിനേയും പുതുക്ക പഞ്ചായത്തിൽ വരുന്ന കൺസ്യൂമേഴ്സിനേയും കോലഞ്ചേരി കെ.എസ്.ഇ.ബി. സെക്ഷനിൽ ഉൾപ്പെടുത്താനും തിരുവാണിയൂർ പഞ്ചായത്തിലെ കൺസ്യൂമേഴ്സിനുവേണ്ടി തിരുവാണിയൂർ സബ് എഞ്ചിനീയർ ഓഫീസ് ഒരു സെക്ഷൻ ഓഫീസായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതുക്ക ഗ്രാമപഞ്ചായത്തിനുമാത്രമായി കോലഞ്ചേരി സെക്ഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും നിലവിലില്ല.

(ബി) തിരുവാണിയൂർ സബ് എഞ്ചിനീയർ ഓഫീസ് ഒരു സെക്ഷനാഫീസായി ഉയർത്തുന്ന കാര്യം വിശദമായ പഠനം നടത്തി പരിശോധിക്കാം.

അമ്പലമേട്ടിലും ഐക്കരനാട് പഞ്ചായത്തിലും
കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

186 [2679] ശ്രീ. ടി.എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ അമ്പലമേട്ട് വ്യവസായ മേഖലയിലെ ഉപഭോക്താക്കളേയും അധികാരിമൂല, പെരിങ്ങാല, ചിന്നാർമുക്ക്, വെമ്പിള്ളി ഭാഗങ്ങളിലുള്ള ഉപഭോക്താക്കളേയും കൂട്ടിച്ചേർത്ത് അമ്പലമേട്ടിൽ ഒരു കെ. എസ്. ഇ. ബി. സെക്ഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഐക്കരനാട് ഗ്രാമപഞ്ചായത്തിലെ ഉപഭോക്താക്കളും ഗ്രാമപഞ്ചായത്തും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഐക്കരനാട് പഞ്ചായത്തിലെ കടയിരുപ്പ് ആസ്ഥാനമാക്കി ഒരു കെ.എസ്.ഇ.ബി. സെക്ഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അമ്പലമേട്ടിൽ പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് നിർദ്ദേശ മൊന്നും നിലവിലില്ല.

(ബി) കടയിരുപ്പ് ആസ്ഥാനമാക്കി സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് നിർദ്ദേശമൊന്നും നിലവിലില്ല.

കണ്ണൂർ ജില്ലയിൽ പുതിയ ട്രാൻസ്ഫോർമറുകൾ

187 [2680] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വോൾട്ടേജ് ഇംപ്രൂവ്മെന്റിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികളിൽ കണ്ടങ്കാളി, വീവേഴ്സ് സ്ട്രീറ്റ്, നെല്ലിപറമ്പ്, കാഞ്ഞിലേരി, ഞേക്കിളി, വടക്കാഞ്ചേരി, ചാണോക്കുണ്ട്, കിഴക്കേക്കര, വിളയൻകോട്, പെരിങ്കേരി, കടുങ്ങാപോയിൽ, ആമ്പിലാട്, അയത്താംപാറ, പന്നിയോട്ട്മൂല എന്നീ സ്ഥലങ്ങളിലെ പണികൾ 50 മുതൽ 90 ശതമാനം വരെ പൂർത്തീകരിച്ചിട്ടുണ്ട്. മാവടി, കാവുംപടി എന്നീ സ്ഥലങ്ങളിലെ ജോലികൾ പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിലെ ജോലികളുടെ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് ക്രമപ്രകാരം ജോലികൾ പൂർത്തീകരിക്കുന്നതാണ്.

പുതിയ വൈദ്യുതി കണക്ഷനുള്ള അപേക്ഷാഫാറങ്ങൾ

188 [2681] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി കണക്ഷനുള്ള അപേക്ഷാഫാറങ്ങൾ വൈദ്യുതി ബോർഡ് ഓഫീസുകളിൽനിന്നും നൽകാതെ പുറത്തുനിന്ന് വിലകൊടുത്ത് വാങ്ങി വരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപേക്ഷാഫാറങ്ങൾ പുറത്തുനിന്ന് വിലകൊടുത്ത് വാങ്ങുകയും വില ബോർഡ് ഈടാക്കുകയും ചെയ്യുന്നതിലെ അപാകത പരിശോധിച്ച് മിതമായ നിരക്കിൽ ബോർഡ് നേരിട്ട് അപേക്ഷകർക്ക് ഫാറങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly